## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2798              06.02.2018 -ലെ മറുപടിക്ക്.

## ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമി

ചോദ്യം              മറുപടി

**ശ്രീ. ജി. എസ്. ജയലാൽ :**              **ശ്രീ. ടി. പി. രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നിർദ്ദിഷ്ട കൺസ്ട്രക്ഷൻ അക്കാദമി സംബന്ധിച്ച് 11.10.2017 ൽ നടന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ വിശദമാക്കാമോ; | (എ) | ചാത്തന്നൂരുള്ള ബോർഡിന്റെ സ്ഥലത്ത് കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കുവാൻ വേണ്ട നടപടികളുമായി മുന്നോട്ടു പോകാൻ തീരുമാനിച്ചു. ഇതിലേക്കായി സ്പിന്നിംഗ് മില്ലിന്റെ ട്രാൻസ്ഫോർമർ സ്ഥിതി ചെയ്യുന്നതും ഇപ്പോൾ ബോർഡിന്റെ കൈവശമുള്ളതുമായ 6.48 ആർ സ്ഥലം സ്പിന്നിംഗ് മില്ലിന് വിട്ടുനൽകി പകരമായി 6.48 ആർ സ്ഥലം സ്പിന്നിംഗ് മില്ലിൽ നിന്നും കൈപ്പറ്റിക്കൊണ്ട് പരസ്പര വസ്തു കൈമാറ്റം ചെയ്യാനും ബോർഡിന്റെ സ്ഥലത്തിനു ചുറ്റും മതിൽ നിർമ്മാണം നടത്തുവാനും തീരുമാനിച്ചു. |
| (ബി) | പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുവാനായി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള ഡയറക്ടർ ഡോ. കെ. എസ്.ചന്ദ്രശേഖരനുമായി 13-11-2017 ന് ബഹു:ചെയർമാന്റെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടുകയും നിലവിലെ പ്രോജക്ട് റിപ്പോർട്ടിൽ കാലാനുസൃതമായ പരിഷ്ക്കാരങ്ങൾ വരുത്തണം എന്ന് |

| | | | |
|---|---|---|---|
| | | | ഡോ. കെ.എസ്. ചന്ദ്രശേഖർ അഭിപ്രായപ്പെട്ടതിന്റെയടിസ്ഥാനത്തിൽ കരട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ശ്രീ.ചന്ദ്രശേഖരനെ ചുമതല പ്പെടുത്തുകയും ചെയ്തു. തുടർന്ന് 17-01-2018 ൽ അദ്ദേഹം കരട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുകയും ആയത് 02-02-2018 ന് നടക്കുന്ന ബോർഡ് സബ്കമ്മറ്റി മുമ്പാകെ വിശദമായി ചർച്ചയ്ക്കും തീരുമാനത്തിനുമായി സമർപ്പിച്ചിരി ക്കുകയുമാണ്.<br>പരസ്പര വസ്തു കൈമാറ്റ നടപടികൾ വേഗത്തിലാക്കുവാനായി ചാത്തന്നൂർ മിൽ അധികാരികളുമായി ചർച്ച നടത്തുകയും തുടർന്ന് പ്രസ്തുത വിഷയം മില്ലിന്റെ ബോർഡ് യോഗത്തിൽ ചർച്ച ചെയ്യുകയും തീരുമാന മെടുക്കുകയും ചെയ്തതായി മിൽ അധികാരികൾ ടെലിഫോൺ മുഖാന്തിരം അറിയിച്ചിരിക്കുകയാണ്. ആയതിന്റെ മിനിറ്റ്സ് ലഭ്യമായാൽ ഉടൻ തന്നെ വസ്തുകൈമാറ്റ ആധാരം രജിസ്റ്റർ ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ